**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3646** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഭിന്നശേഷി സൗഹൃദകേരളത്തിനായി സാമൂഹ്യനീതിവകുപ്പും, വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് വിവിധതലങ്ങളിൽ അവലോകനയോഗങ്ങൾ ചേരുകയും പ്രവർത്തനം പരിശോധിക്കുകയും സമയബന്ധിതമായും മികച്ചരീതിയിലും ആയത് നടപ്പിലാക്കുവാൻ വേണ്ടുന്ന നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. |
| (സി) | ഭിന്നശേഷിക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ സർക്കാർ നടപ്പിലാക്കുന്ന അനുബന്ധമായി ചേർത്ത വിവിധ പദ്ധതികളിലൂടെയും പുതിയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടും സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ

### (I) സാമൂഹ്യനീതി വകുപ്പ്

#### ആക്സിസിബിൾ ഇന്ത്യ ക്യാമ്പയിൻ, ബാരിയർ ഫ്രീ കേരള പദ്ധതികൾ

സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദസംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൗരകേന്ദ്രീകൃത സേവനം നൽകുന്ന പൊതുകെട്ടിടങ്ങൾ ഭിന്നശേഷിസൗഹൃദമാക്കുന്നതിന് ജില്ലാ കളക്ടർമാരിൽ നിന്നും പ്രൊപ്പോസൽ ആവശ്യപ്പെടുകയും സാമൂഹ്യനീതി വകുപ്പിന്റെ ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ പദ്ധതിയായ ആക്സസബിൾഇന്ത്യ ക്യാമ്പൈൻ, സംസ്ഥാന സർക്കാർ പദ്ധതിയായ ബാരിയർഫ്രീ കേരള പദ്ധതി എന്നീ പദ്ധതികളുടെ ഫണ്ട് വിനിയോഗിച്ചാണ് മേൽപറഞ്ഞ് ഭിന്നശേഷി സൗഹൃദ പുനർനിർമ്മാണത്തിന് തുക അനുവദിക്കുന്നത്. പ്രസ്തുത പദ്ധതികളിൻ പ്രകാരം സംസ്ഥാനത്തെ എല്ലാ പൊതുകെട്ടിടങ്ങളും ഭിന്നശേഷിസൗഹൃദമാകുന്ന വിധത്തിൽ റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമ മുറികൾ, ശൗച്യ മുറികൾ ബ്രയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ എന്നിവ നിർമ്മിക്കുന്ന

നടപടികൾ പുരോഗമിച്ച് വരുന്നു.

ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതി

പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായി 859.96 ലക്ഷം രൂപയുടെ പ്രൊജക്റ്റ് പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആയതിന്റെ ഭാഗമായി പ്രൊപ്പോസൽ തുകയുടെ 50% തുകയായ 4,29,98,000/- രൂപ 2018-19 വർഷം സംസ്ഥാനത്തിന് അനുവദിക്കുകയും, പ്രസ്തുത തുക വിനിയോഗിച്ച 13 കെട്ടിടങ്ങളുടെ പ്രവർത്തികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിൻ പ്രകാരം 6 കെട്ടിടങ്ങളുടെ കൂടി പ്രവർത്തി നിർവഹിക്കുന്നതിനായി അനുമതി അഭ്യർത്ഥിച്ച് കൊണ്ട് കേന്ദ്ര സർക്കാരിന് പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 23 കെട്ടിടങ്ങൾ കണ്ടെത്തി ആക്സസ് ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

ബാരിയർ ഫ്രീ കേരള പദ്ധതി:

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശ അധിഷ്ഠിത സാമൂഹികമുന്നേറ്റം ഉറപ്പാക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി കേരളത്തിലെ എല്ലാ സർക്കാർ/പൊതുമേഖല ഓഫീസുകൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, പാതകൾ, പാർക്കുകൾ എന്നിവ പ്രതിബന്ധമുക്തവും ഭിന്നശേഷിസൗഹൃദ അന്തരീക്ഷമുള്ളതാക്കാൻ ബാരിയർ ഫ്രീ കേരള പദ്ധതി ലക്ഷ്യമിടുന്നു. ബാരിയർ ഫ്രീ നിർമ്മാണ/നവീകരണ പ്രവർത്തികൾക്കായി സർക്കാർ വിവിധ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുള്ളതും നിർമ്മാണം പുരോഗമിച്ച കൊണ്ടിരിക്കുകയുമാണ്. കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാരിയർ ഫ്രീ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും പുരോഗമിച്ചു വരുന്നു. ബാരിയർ ഫ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 2288 കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്.

ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ഭിന്നശേഷി സൗഹൃദ പാർക്ക് നിർമ്മിച്ച് ഭിന്നശേഷിക്കാർക്കായി തുറന്നു കൊടുത്തിട്ടുണ്ട്.

ബാരിയർഫ്രീ കൺസൾട്ടൻസി സെൽ:

പ്രതിബന്ധമുക്ത നിർമ്മാണവുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ സാങ്കേതിക പിന്തുണയും ഗൈഡൻസും നൽകുന്നതിനായി ഒരു ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ (BFCC) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഉത്തരവായിട്ടുണ്ട്.

വെബ്സൈറ്റുകൾ ഭിന്നശേഷി സൗഹൃദമാക്കൽ

ഭിന്നശേഷി അവകാശ നിയമം 2016 ന്റെ സെക്ഷൻ 40 പ്രകാരം പൊതു ഇടങ്ങൾ, പൊതു കെട്ടിടങ്ങൾ, ഗതാഗത സംവിധാനങ്ങൾ, വിവര സാങ്കേതിക വിദ്യകൾ എന്നിങ്ങനെ എല്ലാ പൊതു സംവിധാനങ്ങളും എന്നിവ ഭിന്നശേഷി സൗഹൃദമാക്കാൻ നിർദേശിക്കുന്നു. സാമൂഹ്യനീതി വകുപ്പിൻറെ ഉത്തരവ് പ്രകാരം 61 വെബ്സൈറ്റുകൾ സി.ഡി.-റ്റും, 23 വെബ്സൈറ്റുകൾ കെൽട്രോണും, 89 വെബ്സൈറ്റുകൾ NIC-യും ഭിന്നശേഷി സൗഹൃദമാക്കി മാറ്റിയിട്ടുണ്ട്. ഇപ്പോൾ പുതിയതായി നിർമ്മിക്കപ്പെടുന്ന എല്ലാ വെബ്സൈറ്റുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിക്കുന്നത്

RPWD ആക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ:

എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ഏകീകരിച്ച് 1600/- രൂപ എന്ന നിരക്കിലാണ് അനുവദിക്കുന്നത്. ഭിന്നശേഷിക്കാരനായ വ്യക്തിക്ക് ഭിന്നശേഷി പെൻഷന് പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

RPWD Act പ്രകാരമുള്ള അഡ്വൈസറി ബോർഡുകളും ജില്ലാതല കമ്മറ്റികളും:

സംസ്ഥാനത്ത് ഭിന്നശേഷി അവകാശ നിയമം 2016 ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം സ്റ്റേറ്റ് അഡ്വൈസറി ബോർഡുകളും ജില്ലാതല കമ്മറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. സ്റ്റേറ്റ് അഡ്വൈസറി ബോർഡ് വർഷത്തിൽ 2 തവണ കൃത്യമായി യോഗം ചേരുന്നുണ്ട്. സംസ്ഥാനത്തിൽ ഭിന്നശേഷിക്കാർ അനുഭവിക്കുന്ന പൊതുവായ വിഷയങ്ങളെല്ലാം ഈ സമിതിയിൽ പരിഗണിക്കപ്പെടുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ചേരുന്ന സെൻട്രൽ അഡ്വൈസറി ബോർഡ് യോഗങ്ങളിൽ ഈ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. സ്റ്റേറ്റ് അഡ്വൈസറി ബോർഡിന്റെ നിർദ്ദേശ പ്രകാരമോ ആക്ട് വ്യവസ്ഥ ചെയ്യുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ചും ജില്ലാതല കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിലും ജില്ലാ കമ്മിറ്റികൾ പ്രവർത്തിച്ച വരുന്നുണ്ട്.

കൂടാതെ ഓട്ടിസം, സെറിബ്രൽ പാൾസി, MR, മൾട്ടിപ്പിൾ ഡിസെബിലിറ്റി ഉൾപ്പെടെ ഹൈസപ്പോർട്ട് ആവശ്യമുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിനുള്ള അസെസ്സ്മെന്റ് ബോർഡ് സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ സഹായങ്ങൾ:

1. വിദ്യാകിരണം - 40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ Degree, PG, Poly Technic, വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.

2. വിദ്യാജ്യോതി - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 9-ാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം.

3. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ Professional, PG courses വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

4. വിദൂര വിദ്യാഭ്യാസ ധനസഹായം - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺസ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം ധനസഹായം നൽകുന്ന പദ്ധതി.

5. വിജയാമൃതം - ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം/പി.ജിക്ക് തത്തുല്യമായ പ്രൊഫഷണൽ ബിരുദം വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി.

6. സഹചാരി – ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ് പരിപാടികളിലും സഹായിക്കുന്നതുമായ NSS / NCC / SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

7. ശ്രേഷ്ഠം പദ്ധതി - കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി. കലാ-കായിക മേഖലകളിൽ സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്.

വിവാഹധന സഹായം:

പരിണയം - സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി

ചികിൽസാധനസഹായ പദ്ധതികൾ:

1. വികലാംഗ ദുരിതാശ്വാസ നിധി – ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി.

2. പരിരക്ഷാ പദ്ധതി - അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്കും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി.

3. ഇംപ്രസ്റ്റ് മണി – പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും

അശരണരുടേയും പുനരധിവാസം ഉറപ്പാക്കുന്നതിനും അടിയന്തര സഹായം നല്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള പദ്ധതി.

തൊഴിൽ പദ്ധതികൾ:

1. ഭിന്നശേഷിക്കാരുടെ നിയമനം - ഭിന്നശേഷി അവകാശ നിയമം 2016-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താല്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സേവനം അനുഷ്ഠിച്ചിട്ടുള്ള 2186 ഭിന്നശേഷിക്കാർക്ക് സ്ഥിര നിയമനം നല്കിയിട്ടുണ്ട്.

2. കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി - സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചാ പരിമിതിയുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്നു.

3. സ്വാശ്രയ പദ്ധതി – മുഴുവൻ സമയ സഹായി ആവശ്യമുള്ള, 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവരെ സംരക്ഷിച്ചു വരുന്ന മാതാവ്/പിതാവ്/അടുത്ത ബന്ധുക്കൾക്ക് സ്വയം തൊഴിൽ നേടുന്നതിനായി ഒറ്റത്തവണ ധനസഹായം.

4. സ്നേഹയാനം - നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെയോ, 80 ശതമാനമോ അതിലധികമോ തീവ്രഭിന്നശേഷിയുള്ളവരുടെയോ നിർധനരും മറ്റ് വരുമാന മാർഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നല്കുന്ന പദ്ധതി.

ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പദ്ധതികൾ:

1. മാതൃജ്യോതി പദ്ധതി - ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി.

2. നിയമപരമായ രക്ഷാകർതൃത്വം – നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നല്കുന്നു.

3. NISH ONLINE INTERACTIVE DISABILITY AWERNESS SEMINAR (NIDAS) - ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്നു.

4. പരിമിത രക്ഷകർതൃത്വം (Limited Guardianship) - മതിയായതും, ഉചിതമായതുമായ

പിന്തുണ കൊടുത്തിട്ടും, ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയെ സംബന്ധിച്ചോ ആ വ്യക്തിയുടെ വസ്തുവകകളെ സംബന്ധിച്ചോ നിയമ സാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് ശാരീരിക—മാനസിക പരിമിതികളുള്ളവർക്ക് വേണ്ടി ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി ഭിന്നശേഷിക്കാരന്റെ സമ്മത പ്രകാരം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുന്ന സംവിധാനമാണ് പരിമിത രക്ഷകർതൃത്വം. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO) മാരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

മറ്റ് പദ്ധതികൾ:

1. മൊബിലിറ്റി മിഷൻ കേരള പദ്ധതി — സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായി പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്ടീവ് സർജറി ഉൾപ്പെടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നല്കി തീവ്രഭിന്നശേഷിത്വത്തിലേക്ക് നയിക്കുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നല്കുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്തസംരംഭമായ മൊബിലിറ്റി മിഷന് കേരള പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കിവരുന്നു.
2. CDMRP (Community Disability Management and Rehabilitation Programme) - ബുദ്ധിവികാസ പരിമിതിയുള്ളവർക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് ഭിന്നശേഷിപ്രതിരോധം, ചികിത്സാ-പുനരധിവാസ-പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് സാമൂഹ്യനീതിവകുപ്പ് 2015-16 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CDMRP.
3. സംസ്ഥാന ഭിന്നശേഷി ദിനാചരണവും അവാർഡ് വിതരണവും - അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ആചരിച്ചു വരുന്നു. ജില്ലാതലത്തിൽ ഭിന്നശേഷിക്കാർക്കായി കലാ-കായിക മേളകളും, വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ല കേന്ദ്രീകരിച്ച് സംസ്ഥാനതല ആഘോഷങ്ങളും സംഘടിപ്പിക്കുകയും അതോടൊപ്പം ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാന അവാർഡ് വിതരണവും നടത്തുന്നു.
4. പ്രത്യാശ പദ്ധതി - സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങളിലേയും ഓർഫനേജ് കണ്ട്രോൾബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചു വരുന്നതുമായ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും /

നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി.

5. പുനർജ്ജനി - പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതി. പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യം, പട്ടിക വർഗ്ഗ വികസനം, റവന്യൂ, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോട് കൂടി 50 പേരെ താമസിപ്പിക്കാവുന്ന കെയർ ഹോം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നു.
6. സഹജീവനം സ്നേഹഗ്രാമം — എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ "സഹജീവനം സ്നേഹഗ്രാമം" എന്ന പുനരധിവാസഗ്രാമം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൾസൾട്ടിംഗ് & ഹൈഡ്രോതെറാപ്പി യൂണിറ്റുമാണ് സ്ഥാപനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ നിയമനം നടത്തി ദുരിതബാധിതർക്കുള്ള സേവനം നൽകി വരുന്നു.
7. ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ അനുവദിക്കുന്നു

## (II) <u>കേരള സാമൂഹ്യസുരക്ഷാ മിഷൻ/ സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്</u>

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പിലാക്കി വരുന്നു. ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കി വരുന്നത്. വൈകല്യം എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുമുള്ള സംവിധാനങ്ങളാണ് ആദ്യ ഘട്ടമായി നടപ്പാക്കിയത്. അനുയാത്ര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്</u>

ഏർളി ഇന്റർവെൻഷൻ അടക്കം, സാമൂഹ്യ പുനരധിവാസത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഭിന്നശേഷി മേഖലയ്ക്ക് ആകെ പ്രയോജനപ്പെടുന്നതിലേയ്ക്കായുള്ള പദ്ധതിയാണ് അനുയാത്ര സെന്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്.

2. "റിഥം"കേരള സർക്കാർ - സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട അനുഗ്രഹീത കലാ പ്രതിഭകളുടെ സംസ്ഥാന ആർട്ട് ട്രൂപ്പ്.

സംസ്ഥാന തലത്തിൽ ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസിലൂടെ തിരഞ്ഞെടുത്ത അനുഗ്രഹീത പ്രതിഭകളിൽ പേർഫോമിങ് ആർട്സ് ഇനത്തിൽ പരിപാടി അവതരിപ്പിച്ച പ്രതിഭകളെ സംസ്ഥാന തലത്തിൽ 2024 - 25 വർഷത്തിൽ ഒരു സ്ക്രീനിങ് നടത്തി 15 പേരെ ഉൾപ്പെടുത്തി സംസ്ഥാനതല റിഥം ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

3. State Program for Education and Empowerment for Disabilities (SPEED - സ്പീഡ്).

ഓട്ടിസം മേഖലയിലെ നേരത്തെയുള്ള കണ്ടെത്തലിനും, ഇടപെടലിനും അവശ്യമായ "Comprehensive Resource Book on Autism Management" എന്ന പുസ്തകം Child Development Centre (CDC)- ഉം വെല്ലൂർ Christian Medical College (CMC)-യമായി സഹകരിച്ച തയ്യാറാക്കി റിലീസ് ചെയ്തു.

4. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്.

5. അരിവാൾ രോഗികൾക്കായുള്ള പദ്ധതി

ഹീമോഗ്ലോബിൻ എസ് എന്നറിയപ്പെടുന്ന അസാധാരണമായ ഹീമോഗ്ലോബിൻ ഉൽപാദിപ്പിക്കുന്ന രക്ത വൈകല്യമാണ് സിക്കിൾ സെൽ ഡിസീസ് (SCD) അഥവാ അരിവാൾ രോഗം. ഈ മാറ്റം രൂപകോശങ്ങൾ ഒന്നിച്ച ചേർന്ന് രക്തയോട്ടം തടയുകയും ആരോഗ്യപരമായ പലവിധ സങ്കീർണ്ണതകളിലേക്ക് നയിക്കുകയും ചെയ്യുന്നു. ക്രമേണ രോഗിയുടെ ചലനശേഷിയേയും ബാധിക്കുന്നു. എന്നാൽ ആവശ്യമായ ചികിത്സ നൽകുകയാണെങ്കിൽ ഇവർക്ക് ഗുണനിലവാരമുള്ള ജീവിതം നയിക്കുന്നതിന് സാധിക്കും. ഭിന്നശേഷിക്കാർക്കായുള്ള അവകാശ നിയമം 2016 ൽ അരിവാൾ രോഗം ഒരു വൈകല്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

6. റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെർ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റെറുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു.

7. മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ

25 മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ 6 ബ്ലോക്കുകൾക്ക് ഒന്ന് എന്ന തോതിൽ പ്രവർത്തിച്ച വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ

സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു.

8. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നത്.

9. കാതോരം

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

10. ഹെൽപ്പ് ഡെസ്ക്

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ 1800 120 1001 എന്ന ടോൾഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

11. ഹോർട്ടികൾച്ചർ തെറാപ്പി

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം നടത്തുന്ന ഒരു പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു.

12. സ്പെക്ട്രം പദ്ധതി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

a. ഓട്ടിസം സെന്ററുകൾ

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജ് ആശുപത്രികളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

b. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

c. ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു.

d. സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ

സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോട് കൂടിയ പുനരധിവാസ പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ &റീഹാബിലിറ്റേഷനിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള തെറാപ്പികളും പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

12. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 12000 ചതുരശ്ര അടിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിർമ്മിച്ച് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളോടും കൂടി പ്രവർത്തന സജ്ജമാക്കി ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറിയിട്ടുണ്ട്.

12. വെള്ളപ്പൊക്കദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി

സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തൃശ്ശൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ എന്നീ സ്ഥാപനങ്ങൾ വഴി 516 ഭിന്നശേഷിക്കാരെ കണ്ടെത്തി സഹായ ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. .

12. ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കുള്ള പ്രത്യേക പദ്ധതി

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

## (III) <u>കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ</u>

ഭിന്നശേഷി ക്ഷേമ കോർപറേഷൻ മുഖേന ഭിന്നശേഷിക്കാരുടെ സഞ്ചാരസ്വാതന്ത്ര്യം, ആശയവിനിമയ സ്വാതന്ത്ര്യം എന്നിവ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സഹായ ഉപകരണങ്ങൾ മാനദണ്ഡങ്ങൾക്ക് വിധേയമായി സൗജന്യമായി വിതരണം ചെയ്തുവരുന്നു.

## <u>(IV) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ)</u>

- ഭിന്നശേഷിക്കാർക്ക് സ്പോർട്സ് റീഹാബ് ആന്റ് റിക്രിയേഷൻ സംവിധാനം : ഭിന്നശേഷിക്കാർക്ക് വിവിധ കളികളിൽ ഏർപ്പെടുന്നതിന് ആവശ്യമായ കളി ഉപകരണങ്ങൾ അടങ്ങുന്ന സംവിധാനം

- മ്യൂസിക്ക് ആന്റ് ഡാൻസ് തിയറ്റർ : നിപമറിലെ സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റലെക്ച്വൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിസെബിലിറ്റി എന്നീ മൂന്ന് സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളെ സംഗീതം, നൃത്തം എന്നിവ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

- സ്പോർട്സ് ആൻറ് ഗെയിം ആക്ടിവിറ്റി സോൺ : ഭിന്നശേഷിക്കാർയുടെ മാനസീക ഉല്ലാസത്തിനൊപ്പം തെറാപ്പിയുടെ ഭാഗമായും ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന യൂണിറ്റാണ് സ്പോർട്സ് ആൻറ് ഗെയിം ആക്ടിവിറ്റി സോൺ നിപമറിൽ സജ്ജീകരിച്ചിട്ടുണ്ട്.

- ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക് അക്വാട്ടിക് റിഹാബ് സംവിധാനം : റിക്രിയേഷൻ സംവിധാനത്തിലൂടെ തെറാപ്യൂട്ടിക്ക് സംവിധാനം തയ്യാറാക്കുന്നതിനായി ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക് അക്വാട്ടിക് റിഹാബ് സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്.

- ഭിന്നശേഷിക്കാർക്കായി മോഡൽ ജിം : ഭിന്നശേഷിക്കാർക്ക് ശാരീരിക ക്ഷമത നിലനിർത്തുന്നതിന് മോഡൽ ജിം നിർമ്മാണം പൂർത്തീകരിച്ചു.

- സീലിംഗ് ലിഫ്റ്റ് : നിപമറിലെ സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ യൂണിറ്റിലെ രോഗികളെ ടോയ് ലറ്റിങ്ങ് ഉൾപ്പെടെയുള്ള ദിനചര്യകൾ നിർവ്വഹിക്കുന്നതിനായി കൊണ്ടുപോകുന്നതിന് പ്രത്യേക സീലിംഗ് ലിഫ്റ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

- സിമുലേഷൻ സൂപ്പർ മാർക്കറ്റ് : ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പണമിടപാട്, സാമൂഹ്യ ഇടപെടൽ, വിപണന തന്ത്രം, വ്യക്തിത്വ വികാസം എന്നിവ വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സിമുലേഷൻ മാതൃകയിൽ ഒരു സൂപ്പർ മാർക്കറ്റ് നിപ്മർ നടപ്പിലാക്കുന്നു.

- ADL അപ്പാർട്ട്മെന്റ് : വീൽചെയറിന്റെ സഹായത്തോടെ ജീവിതം മുന്നോട്ട് കൊണ്ടുപോകേണ്ട വ്യക്തികളെ വീൽ ചെയറിൽ ഇരുന്ന് കൊണ്ട് തന്നെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനായി ആക്റ്റിവിറ്റീസ് ഓഫ് ഡെയ് ലി ലിവിംഗ് (ADL) അപ്പാർട്ട്മെന്റ് സജ്ജീകരിച്ചിട്ടുണ്ട്.

- സ്കേറ്റിംഗ് ട്രാക്ക് : ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റോളർ സ്കേറ്റിംഗ് പരിശീലനം നൽകുന്ന സംവിധാനം നിപമറിൽ ഒരുക്കിയിട്ടുണ്ട്

- എർഗോ ലാബ് : ഭിന്നശേഷിക്കാർക്ക് ആവശ്യമായ വസ്തുകൾ കസ്റ്റം മെയ്ഡ് ആയി നിർമ്മിക്കുന്ന സംവിധാനമാണ് എർഗോ ലാബ് നിപ്മർ സജ്ജീകരിച്ചിട്ടുണ്ട്.

- വീൽ ട്രാൻസ് : നിപമറിന്റെ സേവനം ആവശ്യമായ ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ ഭിന്നശേഷി സൗഹൃദമാക്കി ഒരു ആമ്പുലൻസ് പരിഷ്ക്കരിച്ച് ഉപയോഗിക്കുന്നു. പരസഹായം കൂടാതെ കഠിനമായ സ്പാസ്റ്റിക് ക്വാഡ്രിപ്ലെജിയയും മറ്റ് വൈകല്യങ്ങളും ഉള്ള കുട്ടികൾക്കും സുഷുമ്നാ നാഡി, മസ്തിഷ്ക ക്ഷതം എന്നിവയുള്ള കുട്ടികൾക്കും ഇത് ഉപയോഗിക്കാൻ കഴിയും. ഭിന്നശേഷിക്കാരുടെ യാത്രാ ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നു.

- റിഹാബ് എക്സ്പ്രസ്സ് : KSRTC യിൽ നിന്നും ഒരു ലോ ഫ്ലോർ AC ബസ് വാടകക്കെടുത്ത് റീഹാബിലിറ്റേഷൻ സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ തരത്തിൽ രൂപമാറ്റം വരുത്തി വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഭിന്നശേഷിക്കാർക്ക് ആവശ്യമായ തെറാപ്പി സേവങ്ങൾ നൽകുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നു.

<u>(V) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്</u>

1. ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല വികസനം

മലയാളത്തിൽ ആദ്യമായി ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല നിഷ് തയ്യാറാക്കി. മലയാള

ഭാഷയിൽ ഒരു ഏകീകൃത ഫിങ്ഗർ സ്പെല്ലിംഗ് (Finger Spelling) ഉണ്ടാക്കുകയും അത് പ്രചരിപ്പിക്കുകയും, ഭാവിയിൽ അത് ശ്രുവണ പരിമിതർക്കായുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

2. സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് (CRCS)

ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം വികസിപ്പിക്കാൻ ഏറ്റവും നൂതനമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഭിന്നശേഷി ഗവേഷണ രംഗത്ത് മാതൃകാപരമായ മാറ്റം കൈവരിക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് നിഷ്-ൽ പ്രവർത്തനം ആരംഭിച്ചത്

3. നിഷ്- സെൻസറി പാർക്ക് 'സഫൽ സെൻസറിയം'

ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചലനശേഷി മെച്ചപ്പെടുത്താനും, മാനസിക-സാമൂഹിക വളർച്ചയെ ത്വരിതപ്പെടുത്താനും വേണ്ടിയുള്ള നൂതന സാമഗ്രികൾ അടങ്ങിയ സെൻസറി പാർക്ക്- സഫൽ സെൻസറിയം നിഷ്-ൽ നിർമ്മിച്ചു.

4. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നു ഭിന്നശേഷിക്കാർക്കായുള്ള 24x7 ഹെൽപ് ലൈൻ

കോവിഡ് 19, കാലാവസ്ഥാ വ്യതിയാനങ്ങൾ. പ്രകൃതി ദുരന്തം എന്നിവയുമായി ബന്ധപ്പെട്ട് ശ്രുവണപരിമിതർക്കുണ്ടായേക്കാവുന്ന സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും മറുപടി പറയാനും, ഈ സാഹചര്യങ്ങൾ എത്രത്തോളം കരുതലോടെ നേരിടണം എന്ന അവബോധം അവരിലേയ്ക്കെത്തിക്കാനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗും, കേരളാ ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ് ലൈൻ സജ്ജീകരിച്ചു.

5. ഭിന്നശേഷി ശാസ്ത്ര ഗവേഷണ സെൽ

പ്രൊഫഷണൽ വൈദഗ്ധ്യം ഉൾപ്പെടെ സംസ്ഥാനത്തെ ഭിന്നശേഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഒരു ഉപദേശക തലത്തിൽ പ്രവർത്തിക്കാൻ നിഷിൽ ഭിന്നശേഷി പഠന ഗവേഷണ സെൽ രൂപീകരിച്ചു.

6. ആക്സസബിൾ ബുക്ക് ക്രീയേഷൻ പദ്ധതി

എല്ലാ ഭിന്നശേഷികൾക്കും ഒരുപോലെ പ്രാപ്യമായ കഥാപുസ്തകങ്ങളുടെ നിർമാണമാണ് ആക്സസ്സിബിൾ ബുക്ക് ക്രിയേഷൻ പദ്ധതി. ഒരു കഥാബുക്ക് പലതരം ഭിന്നശേഷിക്കാർക്ക് ഒരു പോലെ ഉപയോഗമാകും വിധം വികസിപ്പിക്കുന്ന പദ്ധതിയാണ് ആക്സസിബിൾ ബുക്ക് ക്രിയേഷൻ. ഇത്തരത്തിലുള്ള മൂന്ന് കഥാബുക്കുകൾ സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ നിഷ് പൂർത്തിയാക്കി.ആകർഷണീയമായ ചിത്രങ്ങളും , കഥാരചനയും, മലയാളത്തിലും ഇന്ത്യൻ ആംഗ്യഭാഷയിലും കഥ വിവരിക്കുന്ന വീഡിയോകൾ, വർക്ഷീറ്റുകൾ എന്നിവ അടങ്ങിയതാണ് ഈ കഥാബുക്കുകൾ.

7. ഭിന്നശേഷിക്കാരിൽ സംരംഭകത്വം വളർത്താനും, നൂതന ആശയങ്ങൾ വികസിപ്പിക്കാനുമുള്ള പദ്ധതി (I-YwD).

സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വ്യക്തികളിൽ നിന്നും സമൂഹത്തിലെ നിലവിലുള്ള ഒരു പ്രശ്നം പരിഹരിക്കാൻ നൂതന ആശയങ്ങൾ ഉള്ളവരെ കണ്ടെത്തി അവർക്ക് അവരുടെ ആശയങ്ങൾ വികസിപ്പിച്ചെടുക്കുവാനും ഒരു സംരംഭമാക്കി മാറ്റുവാനുമുള്ള പരിശീലനം നൽകുന്നതിനായി, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിഎസ്സി) വിഭാവനം ചെയ്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് ഇന്നോവേഷൻ ബൈ യൂത്ത് വിത്ത് ഡിസബിലിറ്റീസ് (I-YwD) എന്ന കേരള ഗവൺമെന്റ് പ്രോജക്ട്.

8. സ്ട്രക്ചേർഡ് ആൻഡ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത് ഡിസെബിലിറ്റി (STEPP)

(ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ മാനസിക്ഷേമത്തിനായുള്ള പദ്ധതി)

കുട്ടികളുടെ ഭിന്നശേഷി തിരിച്ചറിയുന്ന സമയത്തു മാതാപിതാക്കൾക്ക് ഉണ്ടായേക്കാവുന്ന മാനസികബുദ്ധിമുട്ടുകൾക്ക്, കൗൺസിലിംഗ് നല്കുന്നതിനു വേണ്ടിയാണ് സ്റ്റെപ്പ് നിലകൊള്ളുന്നത്.

9. കേരളാഗവൺമെൻറ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനസ്സ് സെമിനാർ (NIDAS),

സമൂഹ്യനീതിവകുപ്പുമായി ചേർന്ന് ഭിന്നശേഷിയുള്ളവർ അവരുടെ മാതാപിതാക്കൾ, പരിചരിക്കുന്നവർ എന്നിവർക്കായി നിഷ് സംഘടിപ്പിക്കുന്ന വിവിധ ഭിന്നശേഷികളെ കുറിച്ചുള്ള സംസ്ഥാനതല ഓൺലൈൻ സംവേദനാത്മക ബോധവൽക്കരണ സെമിനാർ ആണ് നിഡാസ് (NIDAS).

10..സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ (CATI)

ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനായി ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന, ഇന്ത്യയിലെ ആദ്യ സമഗ്ര അസിസ്റ്റീവ് ടെക്നോളജി സെന്റർ ആണ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നോവേഷൻ.

11. ICMR-NCAHT (നാഷണൽ സെൻറർ ഫോർ അസിസ്റ്റീവ് ഹെൽത്ത്ടെക്നോളജി)

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസെർച്ചിൻറെ ധനസഹായത്തോടു കൂടി, തദ്ദേശീയമായ സഹായ സാങ്കേതിക ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവശ്യമായ സഹായ സാങ്കേതിക സേവനങ്ങൾ നല്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

12. അസിസ്റ്റീവ് ടെക്നോളജി നീഡ് അസസ്മെന്റ് സെൽ (ATAC) -വെബ്സൈറ്റ് പോർട്ടൽ

പുനരധിവാസ പ്രൊഫഷണലുകൾ, എഞ്ചിനീയർമാർ, ഫിസിഷ്യൻമാർ എന്നിവരടങ്ങുന്ന

അസിസ്റ്റീവ് ടെക്നോളജി(സഹായസാങ്കേതികവിദ്യ) വിദഗ്ധരുടെ ഒരു സംഘം ഉൾപ്പെടുന്നതാണ് അസിസ്റ്റീവ് ടെക്നോളജി നീഡ് അസസ്മെന്റ് സെൽ. സഹായ സാങ്കേതിക വിദ്യ ആവശ്യമുള്ള വ്യക്തികളുടെ ചലനക്ഷമത, ആശയവിനിമയം, പഠനം, കമ്പ്യൂട്ടർപ്രാപ്യത, എർഗണോമിക്സ്, അവരെ ജോലിസ്ഥലവുമായി പൊരുത്തപ്പെടൽ, പ്രവേശനക്ഷമത (accessibility) ഉറപ്പാക്കുക, എന്നിവയ്ക്കായുള്ള സാങ്കേതികതവിദ്യകളുടെ വികസനം നീഡ് അസസ്മെന്റ് പ്രോട്ടോക്കോളിൽ ഉൾപ്പെടുന്നു. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO) നിശ്ചയിച്ചിട്ടുള്ള പ്രോട്ടോക്കോളുകളും വ്യവസ്ഥകളും അടിസ്ഥാനമാക്കിയാണ് ഇതിനായുള്ള ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നത്.

13. ജേണൽ ഫോർ റീഹാബിലിറ്റേഷൻ സയൻസസ് ആൻഡ് ഡിസെബിലിറ്റി സ്റ്റഡീസ്

ഭിന്നശേഷി മേഖലയിലെ വിദഗ്ധർക്ക് അവരുടെ നൂതന ഗവേഷണങ്ങളും പഠനങ്ങളും മറ്റുവിദഗ്ധരുമായി പങ്കുവയ്ക്കാനും ചർച്ച ചെയ്യാനും അതിലൂടെ ഉന്നതമായ പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കാനും ഉതകുന്ന ജേർണൽ ഫോർ റീഹാബിലിറ്റേഷൻ സയൻസസ് & ഡിസെബിലിറ്റി സ്റ്റഡീസ്-ൻറെ ആദ്യ ഓൺലൈൻ പതിപ്പ് പ്രസിദ്ധീകരിച്ചു.

14. മാർഗ് ദർശൻ ജോബ് ഫെയർ

ഭിന്നശേഷിക്കാർക്കായി കേരളത്തിൽ ആദ്യമായി വിപുലമായ മാർഗ് ദർശൻ ജോബ് ഫെയർ സംഘടിപ്പിച്ചു.

**<u>(VI) സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റ്</u>**

സംസ്ഥാന ഭിന്നശേഷി കമ്മിഷണറേറ്റ് മുഖേന വിവിധ പ്രവർത്തനങ്ങളിലൂടെ 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ പ്രചാരണവും നിയമം നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

14-03-2025

ഡോ ആർ ബിന്ദു

MINISTER